**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5713** **13-08-2021 - ല്‍ മറുപടിയ്ക്ക്**

**വംശനാശ ഭീഷണി നേരിടുന്ന മത്സ്യവര്‍ഗ്ഗങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എല്‍ദോസ് പി. കുന്നപ്പിള്ളില്‍** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന മത്സ്യവര്‍ഗ്ഗങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന മത്സ്യവര്‍ഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനായി നടപടികള്‍ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വര്‍ഷം റിസര്‍വോയര്‍ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്‍മല, ഇടുക്കി, ഭൂതത്താന്‍കെട്ട്, ചിമ്മിനി, ഷോളയാര്‍ (ലോവര്‍), പെരിങ്ങല്‍ കുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസര്‍വോ യറുകളിലായി വംശനാശ ഭീഷണി നേരിടുന്നത് ഉള്‍പ്പെടെ തദ്ദേശിയ വിഭാഗത്തില്‍പ്പെട്ട ലിറലാശര രമ്യൂ, ലിറലാശര രമേ ഉശവെ, കുയില്‍ മത്സ്യം, വരാല്‍ തുടങ്ങിയ വയുടെ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഉള്‍നാടന്‍ ജലാശയങ്ങളില്‍ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും അനധികൃതവുമായ മത്സ്യ ബന്ധന രീതികള്‍ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി പട്രോളിംഗ് ഊര്‍ജിതപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ ഫിഷറീസ് വകുപ്പിന്‍റെ ഹാച്ചറികളില്‍ വംശനാശ ഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കുയില്‍ മത്സ്യം, ചെങ്കണിയാന്‍, നാടന്‍മുഷി, ക്ലളി, തുടങ്ങിയ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍